(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

III. സബ്മിഷൻ

(1) ചങ്ങനാശ്ശേരി അതിരൂപതയിലെ വൈദികനെതിരെയുള്ള കേസ് ക്രൈം ബ്രാഞ്ച് അന്വേഷിക്കേണ്ടത് സംബന്ധിച്ച്

ശ്രീ. ലോനപ്പൻ നമ്പാടൻ : സർ, ചങ്ങനാശ്ശേരി അതിരൂപതയിലെ വൈദികൻ ഫാ. സിറിയക് കാർത്തികപ്പള്ളി, 16 വയസ്സ് പൂർത്തിയാകാത്ത 9-ാം ക്ലാസ് വിദ്യാർത്ഥിനിയെ ലൈംഗികമായി പീഡിപ്പിച്ച് ഗർഭിണിയാക്കിയ കേസ്സിൽ ഫാ.സിറിയക് കാർത്തികപ്പള്ളിയെ ബലാൽസംഗകേസ്സിൽ പ്രതിയാക്കി 29.11.99-ൽ 750/99 എന്ന നമ്പരായി കോടതി ഉത്തരവ് പ്രകാരം ചങ്ങനാശ്ശേരി പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. 16 വയസ്സ് പൂർത്തിയാകാത്ത പെൺകുട്ടിയുമായി അവരുടെ പൂർണ്ണസമ്മതത്തോടെയോ, അല്ലാതെയോ ലൈംഗികവേഴ്ചയിൽ ഏർപ്പെടുന്നത് ഇൻഡ്യൻ ശിക്ഷാനിയമം 376-ാം വകുപ്പു പ്രകാരം ബലാൽസംഗകുറ്റമാണ്. ഈ കേസ്സിൽ ഫാ.സിറിയക് കാർത്തികപ്പള്ളി പീഡിപ്പിച്ച പെൺകുട്ടിക്ക് 16 വയസ്സ് തികയുന്നതിനു മുൻപാണ് ആദ്യമായി ലൈംഗികവേഴ്ചയിൽ ഏർപ്പെടുന്നതെന്ന് സഭാക്കോടതിയുടെ വിധിപ്പകർപ്പിൽ വ്യക്തമാക്കുന്നുണ്ട്. വിധിപ്പകർപ്പ് എന്റെ പക്കലുണ്ട്. പെൺകുട്ടി പഠിച്ച സ്കൂളിലെ ജനന സർട്ടിഫിക്കറ്റ് പരിശോധിച്ചതിൽ സംഭവം നടക്കുമ്പോൾ കുട്ടിക്ക് 16 വയസ്സ് തികഞ്ഞിട്ടില്ലെന്നും വ്യക്തമാകുന്നുണ്ട്. ഈ പെൺകുട്ടി പ്രസവിച്ച ചോരകുഞ്ഞിനെ അതിന്റെ മാതാപിതാക്കൾ ജീവിച്ചിരിക്കെ തൃശ്ശൂരുള്ള അനാഥാലയത്തിൽ പാർപ്പിച്ചിരിക്കുന്നത് മനുഷ്യമനസ്സാക്ഷിയെ ഞെട്ടിപ്പിക്കുന്ന കൊടുംക്രൂരതയാണ്. ഓർഫനേജ് കൺട്രോൾ ബോർഡ് മെമ്പർ എന്ന നിലയിൽക്കൂടിയാണ് ഞാൻ ഈ വിഷയം അവതരിപ്പിക്കുന്നത്. ഈ കേസ്സിൽ ഇപ്പോൾ നടക്കുന്ന പോലീസ് അന്വേഷണം തൃപ്തികരമല്ലാത്തതിനാൽ ഈ കേസ്സിൽ നിഷ്പക്ഷമായും സത്യസന്ധവുമായ അന്വേഷണത്തിന് വേണ്ടി ക്രൈംബ്രാഞ്ചിന്റെ സ്പെഷ്യൽ ടീമിനെക്കൊണ്ട് അന്വേഷിപ്പിക്കുവാൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സിസ്റ്റർ അഭയക്കേസ്സിലുണ്ടായ ഗതികേട് ഈ സർക്കാരിന്റെ കാലത്ത് ഈ കേസ്സിലുണ്ടാകരുതെന്നുകൂടി അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, കോട്ടയം ചങ്ങനാശ്ശേരി കുറുമ്പനാടം സെന്റ് ആന്റണീസ് ഫെറോന പള്ളിയിലെ അസിസ്റ്റന്റ് വികാരിയായിരുന്ന ഫാദർ സിറിയക് കാർത്തികപ്പള്ളി തന്റെ ഇടവകാംഗമായ ചാക്കോയുടെ മകൾ 15 വയസ്സുള്ള സിനിക്ളാരാ ജെയിംസിനെ പ്രലോഭിപ്പിച്ച് ലൈംഗികമായി പീഡിപ്പിച്ച് ഗർഭിണിയാക്കുകയും സിനിക്ളാരാ ജയിംസ് ഒരു പെൺകുഞ്ഞിന് ജന്മം നൽകിയതുമായ സംഭവം ഉണ്ടായിട്ടുണ്ട്. ഇതുസംബന്ധിച്ച് സഭാ അധികാരികളുടെ മുൻപാകെ പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ചങ്ങനാശ്ശേരി ആർച്ച് ബിഷപ്പിന്റെ നിർദ്ദേശപ്രകാരം രൂപീകരിച്ച മെത്രാപൊലീത്ത ട്രിബ്യൂണൽ ഇതിൻമേൽ അന്വേഷണ നടപടികൾ സ്വീകരിച്ചു. സഭാനടപടിയിൽ അസംതൃപ്തരായവർ ഒരു ആക്ഷൻ കൗൺസിൽ രൂപീകരിച്ചു. ആക്ഷൻ കൗൺസിൽ കൺവീനറിൽ നിന്ന് 22.11.99-ന് ചങ്ങനാശ്ശേരി സർക്കിൾ ഇൻസ്പെക്ടർക്ക് ഇതുസംബന്ധിച്ച് ഒരു പരാതി ലഭിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ചങ്ങനാശ്ശേരി ജൂഡീഷ്യൽ ഒന്നാം ക്ളാസ് മജിസ്ട്രേറ്റ് കോടതിയിൽ 27.11.99 -ന് ഫാദർ കാർത്തികപ്പള്ളിയെ പ്രതിയാക്കി ആക്ഷൻ കൗൺസിൽ പ്രസിഡന്റ് ഫയൽ ചെയ്ത പരാതി, ക്രിമിനൽ നടപടി ക്രമം 156(3) പ്രകാരം അന്വേഷണം നടത്തുന്നതിലേയ്ക്ക് ചങ്ങനാശ്ശേരി പോലീസ് സ്റ്റേഷനിൽ ലഭിച്ചിരുന്നു. തുടർന്ന് ഫാദർ സിറിയക് കാർത്തികപ്പള്ളിക്കെതിരെ ഇൻഡ്യൻ ശിക്ഷാനിയമത്തിലെ 315, 376, 366 (എ) എന്നീ വകുപ്പുകൾ പ്രകാരം ക്രൈം 750/99-ാം നമ്പരായി ഒരു കേസ് രജിസ്റ്റർ ചെയ്ത് കോട്ടയം ക്രൈംബ്രാഞ്ച് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെ ചുമതലയിൽ അന്വേഷണം നടന്നു വരുന്നു.

(2) തിരുവനന്തപുരം ഗവണ്മെന്റ് ലാ കോളേജിലെ റാഗിംഗ്

<u>ശ്രീമതി ശോഭനാ ജോർജ്ജ്</u> : സർ, അത്യന്തം വേദനാജനകമായ ഒരു സംഭവമാണ് ഈ സഭയുടെ ശ്രദ്ധയിൽ എനിക്ക് അവതരിപ്പിക്കാനുള്ളത്. ഡിസംബർ 13-ാം തീയതി തിരുവനന്തപുരം ലാ കോളേജിലെ ഫസ്റ്റ് ഇയർ വിദ്യാർത്ഥിനി ലീനാകൃഷ്ണനെ ക്ളാസ് നടന്നുകൊണ്ടിരിക്കുമ്പോൾ ക്ളാസ് മുറിയിൽ കയറി പിടിച്ചിറക്കി ക്ലാസ് മുറിയുടെ പുറത്തുകൊണ്ടുവന്ന് കരണത്ത് അടിക്കുകയും വയറ്റിന് തൊഴിക്കുകയും ചെയ്തു. ആ കോളേജിലെ തന്നെ വിദ്യാർത്ഥിയും ഒരു രാഷ്ട്രീയ പ്രസ്ഥാനത്തിന്റെ ബഹുമാന്യനായ നേതാവുമായ സബീർ എന്നയാളാണ് അത് ചെയ്തത്. ലീനാകൃഷ്ണൻ കോളേജ് അധികൃതർക്കും ബന്ധപ്പെട്ടവർക്കും ഇതു സംബന്ധിച്ച് പരാതി കൊടുത്ത് 5 ദിവസം കഴിഞ്ഞിട്ടും യാതൊരു നടപടിയുമുണ്ടായില്ല. പക്ഷെ നിയമസഭയിൽ സബ്മിഷന് നോട്ടീസ് കൊടുത്ത ഡിസംബർ 17-ാം തീയതി മ്യൂസിയം പോലീസ് ഒരു അറസ്റ്റ് നാടകം നടത്തി സബീറിനെ അറസ്റ്റു ചെയ്യുകയും നിമിഷങ്ങൾക്കുള്ളിൽ വിടുകയും ചെയ്തു. കോളേജ് പ്രിൻസിപ്പൽ ഈ സബീർ എന്നു പറയുന്ന വിദ്യാർത്ഥിയെ സസ്പെൻഡ് ചെയ്തു. പക്ഷെ അതിൽ ഏറ്റവും സങ്കടകരമായ ഒരു കാര്യം ഇപ്പോൾ ഈ പരാതി പറഞ്ഞതിന്റെ പേരിൽ ലീനാകൃഷ്ണനെ കൊല്ലുമെന്നു പറഞ്ഞു ഭീഷണിപ്പെടുത്തി ആ കുട്ടിക്ക് കോളേജിൽ പഠിക്കാൻപോലും പറ്റാത്ത അവസ്ഥയാണ് ഉള്ളത്. ഇത് ഒറ്റപ്പെട്ട സംഭവമല്ല. അതിന് രണ്ട് ദിവസം മുമ്പ് ഡിസംബർ 11-ാം തീയതി എഞ്ചിനീയറിംഗ് കോളേജിൽ ഇതുപോലൊരു സംഭവമുണ്ടായി. ഇത് പറയാൻ കാരണം ചീഫ് ജസ്റ്റീസ് തന്നെ പറഞ്ഞിരിക്കുന്നു എഞ്ചിനീയറിംഗ് കോളേജിൽ നടക്കുന്ന റാഗിംഗിനെപ്പറ്റി അന്വേഷിക്കാൻ ഒരു പ്രത്യേക സെൽ രൂപീകരിക്കണമെന്ന്. അസാധാരണമായ ഒരുത്തരവ് പോലും ഇതുകാരണമുണ്ടായി. മാത്രമല്ല കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ നടന്ന റാഗിംഗ് അതുപോലെ തിരുവനന്തപുരത്തുതന്നെ ഗവണ്മെന്റ് ആർട്ട്സ് കോളേജിലും ഒരു പെൺകുട്ടിയെ വിളിച്ചിറക്കി നമ്മുടെ മറ്റൊരു പ്രമുഖനായ നേതാവ് അടിവയറ്റിൽ തൊഴിക്കുകയും അതിനെ മാനഭംഗപ്പെടുത്താൻ ശ്രമിക്കുകയും ചെയ്തു. കഴിഞ്ഞ വർഷം ഈ തിരുവനന്തപുരം ആയുർവേദ കോളേജിൽ ഉണ്ടായ സംഭവം അന്ന് ഈ നിയമസഭയിൽ പറഞ്ഞു. ഇത് ഒറ്റപ്പെട്ട സംഭവമല്ല. ഡോക്ടർമാരെയും ബിരുദധാരികളെയും സൃഷ്ടിക്കുന്ന കാര്യവട്ടം യൂണിവേഴ്സിറ്റി കോളേജിൽ എന്താണ് സംഭവിച്ചത് അവിടെ പഠിക്കുന്ന സ്മിതാഗോപിനാഥ് എന്ന കുട്ടിയെ ഇതുപോലെ അപമാനിച്ചു. തിരുവനന്തപുരം ലാ കോളേജിൽ നടന്ന ഈ സംഭവം ഒറ്റപ്പെട്ട സംഭവമല്ലെന്ന് പറയാനാണ് ഞാൻ ഇതൊക്കെ പറയുന്നത്. ആരാണ് ഈ സബീർ, ആർക്കു വേണ്ടിയാണ് സബീറിനെ സംരക്ഷിക്കുന്നത്? സബീർ എന്നു പറയുന്ന

LIBRARY ARCHIVES Kerala Legislative Assembly